പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3002 21/08/2017-ൽ മറുപടിക്ക്

രാഷ്ട്രീയ കൃഷി വികാസ് യോജന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. വി.എസ് .സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാർഷികമേഖലയുടെ സമഗ്ര വളർച്ചക്ക് രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പേരിൽ ഒരു കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നില വിലുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. കൃഷിയും അനുബന്ധ മേഖലകളുടെയും ഉൽപാദന വർദ്ധനവിനും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടിയുള്ള പ്രോജക്ടുകളാണ് രാഷ്ട്രീയ കൃഷി വികാസ് യോജന വഴി ആവിഷ്കരിച്ച് നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ നിഷ്കർ ഷിച്ചിരിക്കുന്നത്. ആർ.കെ.വി.വൈയ്ക്കായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് സമർപ്പിക്കുന്ന പദ്ധതികൾ കേന്ദ്ര ധനസഹായത്തിന്റെ ലഭ്യത യനുസരിച്ച് കേന്ദ്രസർക്കാരിന്റെ പ്രതിനിധികൾകൂടി ഉൾപ്പെട്ട സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്രവിഹിതവും 40% സംസ്ഥാനവിഹിതവും ഉൾ പ്പെടെയുള്ള തുക സംസ്ഥാന സർക്കാരിൽ ലഭ്യ മാക്കികൊണ്ടാണ് ആർ.കെ.വി.വൈ പദ്ധതി നടപ്പി ലാക്കുന്നത്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കുമോ; | ബി) | സംസ്ഥാനങ്ങളുടെ വിഭവ ലഭ്യത, സാങ്കേതിക വിദ്യയുടെ ലഭ്യത, പ്രാദേശിക കാലാവസ്ഥ സ്ഥിതി എന്നിവ പരിഗണിച്ച് സംസ്ഥാനങ്ങൾ കൃഷിയുടെയും അനുബന്ധ മേഖലയുടെയും സമഗ്ര വികസന ത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുക വഴി വാർഷിക കാർഷിക വളർച്ചാ നിരക്ക് കൂട്ടുകയും, കർഷകരുടെ ജീവിത നിലവാരം ഉയർത്തുകയും ചെയ്യുകയാണ് ആർ.കെ.വി.വൈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| സി) | ഈ പദ്ധതിയിൻകീഴിൽ ഏതെ ല്ലാം മേഖലകളിൽ എത്ര വീതം ധനസഹായം നൽകിയിട്ടുണ്ട്; | സി) | 2016-17 വർഷത്തിൽ കാർഷിക അനുബന്ധ മേഖലകൾക്ക് കൊടുത്ത തുകയുടെ കണക്ക് അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | ജില്ലതിരിച്ച് വ്യക്തമാക്കുമോ; | | നടപ്പിലാക്കിയ പദ്ധതികളുടെ ജില്ലതിരിച്ചുള്ള ധനസഹായം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയതു മൂലം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | ഡി) | 2016-17ൽ ആർ.കെ.വി.വൈ പദ്ധതി നടത്തിപ്പ് മുഖാന്തിരം കൃഷി, ഫിഷറീസ്, മണ്ണ്പര്യവേക്ഷണം, മൃഗസംരക്ഷണം എന്നീ വകുപ്പുകൾ മുഖേന താഴെ പറയുന്ന നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.<br><u>കൃഷി വകുപ്പ്:-</u><br>1. വർഷങ്ങളായി തരിശ് കിടന്ന മെത്രാൻ കായൽ, അടിസ്ഥാന സൗകര്യം വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കുകയും, അവിടെ വിള വിറക്കി, ജൈവ രീതി അവലംബിച്ച് നെല്ല് ഉല്പാദിപ്പിച്ചു.<br>2. കൃഷി വകുപ്പിൻെറ ഫാമുകളായ SGC, മുണ്ടേരി, O&V നെല്ലിയാമ്പതി, ജില്ലാ കൃഷിത്തോട്ടം, തളിപ്പറമ്പ് എന്നിവയുടെ സമഗ്ര വികസനം ഉറപ്പാക്കി<br>3. നെൽ കൃഷിക്ക് സബ്സിഡി നൽകുക വഴി കർഷകർ നെൽകൃഷിയിൽ നിന്ന് മാറി പ്പോകാതിരിക്കാൻ കാരണമായി<br>4. പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിനായി പച്ചക്കറി വിത്ത് പാക്കറ്റുകളും, തൈകളും വിതരണം ചെയ്യുകയും, ജാതി കൃഷി വ്യാപിപ്പിക്കുകയും ചെയ്തു<br>5. ഓണാട്ടുകര പ്രദേശത്ത് കിഴങ്ങ് വർഗ്ഗ കൃഷി വ്യാപിപ്പിച്ചു<br>6. വിവിധ പാടശേഖരങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യം വികസിപ്പിച്ചു.<br><u>ഫിഷറീസ് വകുപ്പ്:-</u> കേരളത്തിൽ മത്സ്യ കൃഷി വ്യാപിപ്പിച്ച് മത്സ്യഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് ആർ.കെ.വി.വൈ 2008-09 മുതൽ നടപ്പിലാക്കിയത്. ഇതിലൂടെ കൈവരിച്ച നേട്ടങ്ങളുടെ സംക്ഷിപ്ത വിവരണം<br>1. ഉൾനാടൻ മത്സ്യോൽപാദനം 2007-08-ലെ 75,000 ടണ്ണിൽ നിന്നും 2.12 ലക്ഷം മെട്രിക് ടൺ ആയി |

ഉയർത്താൻ സാധിച്ചു.

2. നിലവിലുള്ള സർക്കാർ ഹാച്ചറികൾ ഫാമുകൾ എന്നിവ പുനരുദ്ധീകരിച്ച് മത്സ്യ/ചെമ്മീൻ വിത്ത് ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിച്ചു.
3. ഉൾനാടൻ മത്സ്യകൃഷിയിൽ ഉൽപാദനവും ഉൽപാദക്ഷമതയും വർദ്ധിപ്പിക്കാൻ സാധിച്ചു.
4. നൂതനമത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കാൻ സാധിച്ചു. അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ സ്വയം സഹായ സംഘങ്ങളിലൂടെ സ്ഥാപിച്ചു.
5. ജില്ലകളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യകർഷകരുടെ മത്സ്യകൃഷിക്കാവാശ്യമായ പരിശീലനം നൽകുന്നതിനും വിളവെടുപ്പ്, കൃഷി പരിപാലന മുറകൾ എന്നിവയെക്കുറിച്ച് അവബോധം നൽകുന്നതിനായി മത്സ്യകർഷക ക്ലബ്ബുകൾ സ്ഥാപിച്ചു.
6. മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പോസ്റ്റ് ഹാർവെസ്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി ആയി കാസർഗോഡിൽ ഒരു ഫിഷറീസ് ഹാർബറിൻെറ നിർമ്മാണം പൂർത്തീകരിച്ചു.

<u>മണ്ണ്പര്യവേക്ഷണവകുപ്പ്</u>:- മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി പഞ്ചായത്തുകളിലെ വരൾച്ചാനിവാരണ പദ്ധതിയിലൂടെ 38 ചെറുകുളങ്ങളും 17 സംഭരണികളും നിർമ്മിക്കുകയും അതിലൂടെ കുടിവെള്ള ലഭ്യതയും കാർഷിക ആവശ്യങ്ങൾക്കുള്ള ജലലഭ്യതയും ഒരു പരിധിവരെ ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ട്.

<u>മൃഗസംരക്ഷണവകുപ്പ്</u>:- കന്ന്കുട്ടിപരിപാലന പദ്ധതിയിലൂടെ 16,900 കന്ന്കുട്ടികളെ ടി പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായി പരിപാലിച്ചുവരുന്നു. ഇവ കറവപശുക്കൾ ആകുമ്പോൾ സംസ്ഥാനത്ത് അധികമായി പ്രതിവർഷം 500 ലക്ഷം ലിറ്റർ പാൽ ഉൽപാദിപ്പിക്കും

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

| ക്രമ നം. | വകുപ്പ് / ഏജൻസി | 2016-17 -ൽ വകയിരുത്തിയ ധനസഹായം (ലക്ഷം) |
|---|---|---|
| 1 | കൃഷി വകുപ്പ് | 7862.90963 |
| 2 | സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ മിഷൻ | 1450.1 |
| 3 | വി.എഫ്.പി.സി.കെ | 252 |
| 4 | വി.എ.എഫ്.പി.സി | 196.55 |
| 5 | സി.പി.സി.ആർ.ഐ, കാസർഗോഡ്. | 30 |
| 6 | കെ.എൽ.ഡി.സി | 1216.05 |
| 7 | മൃഗ സംരക്ഷണ വകുപ്പ് | 464.7 |
| 8 | മിൽമ | 1052.13 |
| 9 | കെ.എഫ്.എൽ | 450 |
| 10 | കേരള, വെറ്റിനറി യൂണിവേഴ്സിറ്റി. | 350 |
| 11 | ഫിഷറീസ് വകുപ്പ് | 1110 |
| 12 | മത്സ്യഫെഡ് | 200 |
| 13 | ഫിർമ | 203.7 |
| 14 | ഹാർബർ, എൻജിനീയറിംഗ് വകുപ്പ്. | 465 |
| 15 | കേരള കാർഷിക യൂണിവേഴ്സിറ്റി | 150 |
| 16 | കൃഷി (പി.പി.എം) സെൽ | 6.56037 |
| | **ആകെ** | **15459.7 ലക്ഷം** |

(signature)
സെക്ഷൻ ഓഫീസർ

## അനുബന്ധം -2

### 1 കൃഷി വകുപ്പിന്റെ പദ്ധതികൾക്കായി ജില്ലകൾക്ക് അനുവദിച്ച ധനസഹായം

| ക്രമ നം. | ജില്ല | ധനസഹായം (ലക്ഷം) |
|---|---|---|
| 1 | തിരുവനന്തപുരം | 45.15 |
| 2 | കൊല്ലം | 50 |
| 3 | പത്തനംതിട്ട | 70.5 |
| 4 | ആലപ്പുഴ | 1481.34257 |
| 5 | കോട്ടയം | 516.41 |
| 6 | ഇടുക്കി | 35.5 |
| 7 | എറണാകുളം | 140.89987 |
| 8 | തൃശ്ശൂർ | 1001.2495 |
| 9 | പാലക്കാട് | 2745.3342 |
| 10 | മലപ്പുറം | 430.75 |
| 11 | കോഴിക്കോട് | 93.5 |
| 12 | വയനാട് | 362.38 |
| 13 | കണ്ണൂർ | 145.75 |
| 14 | കാസർഗോഡ് | 76.5 |
| 15 | ഹെഡ്ക്വാർട്ടർ | 667.64 |
| | **ആകെ** | **7862.90** |

**2. സ്റ്റേറ്റ് ഹോൾട്ടികൾച്ചർ മിഷൻ**

| | |
|---|---|
| ഇടുക്കി- | 300 |
| സ്റ്റേറ്റ് ഹെഡ്കോർട്ടേഴ്സ്- | 1,150.1 |
| **ആകെ** | **1,450.1** |

**3. വി.എഫ്.പി.സി.കെ**

| | |
|---|---|
| എറണാകുളം | 250 |
| നടത്തിപ്പ് ചെലവ് | 2 |
| **ആകെ** | **252** |

**4. വി.എ.എഫ്.പി.സി**

| | |
|---|---|
| തൃശ്ശൂർ | 196.55 |

**5. സി.പി.സി.ആർ.ഐ**

| | |
|---|---|
| കാസർഗോഡ് | 30 |

**6 . കെ.എൽ.ഡി.സി**

| | |
|---|---|
| കൊല്ലം | 179 |
| ആലപ്പുഴ | 187.06 |
| എറണാകുളം | 280 |
| തൃശ്ശൂർ | 130 |
| മലപ്പുറം | 125 |
| കണ്ണൂർ | 185 |
| തിരുവനന്തപുരം | 130 |
| **ആകെ** | **1,216.06** |

7. <u>മൃഗസംരക്ഷണ വകുപ്പ്</u>

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 26.768 |
| കൊല്ലം | 142.944 |
| പത്തനംതിട്ട | 15.21952 |
| ആലപ്പുഴ | 22.944 |
| കോട്ടയം | 34.488 |
| ഇടുക്കി | 5.81248 |
| എറണാകുളം | 26.76 |
| തൃശ്ശൂർ | |
| പാലക്കാട് | 24.856 |
| മലപ്പുറം | 21.032 |
| കോഴിക്കോട് | 28.68 |
| വയനാട് | 19.12 |
| കണ്ണൂർ | 42.18 |
| കാസർഗോഡ് | 19.12 |
| അധികം ചെലവാക്കിയ തുക | 8 |
| **ആകെ** | **464.7** |

8. <u>മിൽമ</u>

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 100 |
| കൊല്ലം | 155.37 |
| കണ്ണൂർ | 103.45 |
| കോഴിക്കോട് | 656.31 |
| പദ്ധതി നടത്തിപ്പിന് ചെലവാക്കിയ തുക | 7 |
| **ആകെ** | **1052.13** |

9. <u>കേരള വെറ്റിനറി റൂണിവേഴ്സിറ്റി</u>

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| മലപ്പുറം | 200 |
| തൃശ്ശൂർ | 50 |
| വയനാട് | 100 |
| **ആകെ** | **350** |

10. <u>**കെ.എഫ്.എൽ**</u>

ഇടുക്കി- 450

11. <u>**ഫിഷറീസ് വകുപ്പ്**</u>

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 50 |
| കൊല്ലം | 90 |
| പത്തനംതിട്ട | 18.91 |
| ആലപ്പുഴ | 252.99 |
| കോട്ടയം | 60 |
| ഇടുക്കി | 40 |
| എറണാകുളം | 111.32 |
| തൃശ്ശൂർ | 269 |
| മലപ്പുറം | 25 |
| കോഴിക്കോട് | 30 |
| വയനാട് | 25.5 |
| കണ്ണൂർ | 55 |
| കാസർഗോഡ് | 72.28 |
| **ആകെ** | **1100** |

12. <u>ഫിർമ</u>

| ജില്ല | തുക (ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 50 |
| കോഴിക്കോട് | 153.7 |
| **ആകെ** | **203.7** |

13. **<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**

തിരുവനന്തപുരം 465

14. **<u>കേരള കാർഷിക യൂണിവേഴ്സിറ്റി</u>**

തിരുവനന്തപുരം 150

15. **<u>മത്സ്യഫെഡ്</u>**

തിരുവനന്തപുരം 200

സെക്ഷൻ ഓഫീസർ.